ഉത്തരം

(എ) ഉണ്ട്.

(ബി) 26-11-2016-ലെ OAD/AR/006243/2015 നമ്പർ സർക്കുലർ മെമ്മോറാണ്ടം പ്രകാരം കണ്ടക്ടർ/ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് വീക്കിലി ഓഫ് അനുവദിച്ചുനൽകുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ വ്യക്തമായി നിഷ്കർഷിച്ചിട്ടുള്ളതാണ്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**റോഡ് സുരക്ഷാ നിയമങ്ങളുടെയും മോട്ടോർവാഹന നിയമങ്ങളുടെയും ലംഘനം**

184 (2060) ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ നിയമങ്ങളും മോട്ടോർ വാഹന നിയമങ്ങളും പാലിക്കാത്തവർക്കെതിരെയുള്ള നിയമ നടപടികൾ കർശനമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ തരത്തിലുള്ള നിയമ ലംഘനങ്ങൾക്കെതിരെ യാണ് നടപടികൾ ശക്തമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) മദ്യപിച്ചുള്ള ഡ്രൈവിംഗ്, അമിതവേഗത, ഗ്ലാസ്സുകൾ മറയ്ക്കൽ, ലൈസൻസില്ലാതെയുള്ള ഡ്രൈവിംഗ്, മൊബൈൽ ഫോണിൽ സംസാരിച്ച് കൊണ്ടുള്ള ഡ്രൈവിംഗ് എന്നീ നിയമ ലംഘനങ്ങൾക്ക് കർക്കശമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിയമലംഘകർക്കെതിരെ മോട്ടോർ വാഹന വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മദ്യപിച്ചുള്ള വാഹനമോടിക്കൽ, അമിതവേഗത, മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുള്ള ഡ്രൈവിംഗ് എന്നീ നിയമലംഘനങ്ങൾക്ക് ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചുവരുന്നു. ഇത് ഉൾപ്പെടെയുള്ള മറ്റ് കുറ്റങ്ങൾക്ക് പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly